കാഴ്ചകൾക്കപ്പുറം

ഫാ. ജേക്കബ് തടത്തിൽ



# വിലാപങ്ങൾക്കപ്പുറം

വർഷങ്ങൾക്കുമുമ്പ് ഒരു യുവാവ് തൻെറ പ്രതിസന്ധി എൻെറ മുമ്പിൽ അനാവരണം ചെയ്തു. അയാളുടെ പ്രേയസി അയാളിൽ നിന്നു ഗർഭവതിയായി. പല കാരണങ്ങളാൽ അവർക്ക് വിവാഹം അസാധ്യവുമായിരുന്നു. അവരുടെ ജീവിതങ്ങളിലും കുടുംബങ്ങളിലും ജനിക്കാനിരിക്കുന്ന കുഞ്ഞിനും ഇത് വലിയ ആഘാതമായി.

തൻെറ പ്രവൃത്തി നിരുത്തരവാദപരമായിരുന്നു എന്നയാൾ തിരിച്ചറിഞ്ഞു. പക്ഷേ, സ്വയം ന്യായീകരിക്കാനോ വിധിയെ പഴിക്കാനോ അയാൾ മുതിർന്നില്ല. ചുമതലാബോധമില്ലായ്മ അവരുടെ നിഷ്കളങ്കത നഷ്ടപ്പെടുത്തി. വിശ്വാസ വഞ്ചന പല ജീവിതങ്ങളുടെയും താളം തെറ്റിച്ചു. ഇനി ഹതാശനായി ജീവിതം തള്ളിനീക്കണമെന്ന ചിന്ത അയാൾക്ക് ഒരു ദുഃസ്വപ്നമായി.

ഭഗ്നഹൃദയനായി അയാൾ പരിതപിച്ചു; 'എൻെറ കൃത്യവിലോപം എത്രയെത്ര ജീവിതങ്ങളെ വെണ്ണീറിലാക്കി! എൻെറ ജീവിതം കൈവെള്ളയിൽനിന്ന് ഉതിർന്നുടഞ്ഞ മുട്ടപോലെ... ഉടഞ്ഞ മുട്ടയും ഉതിർന്ന കണ്ണുനീരും തുളുമ്പിയ പാലും തിരിച്ചെടുക്കാനാവുമോ?

ലജ്ജാവഹമായ ഈ രഹസ്യം, കങ്കാളവിഷയകമായ ഈ സത്യം ഒരു ഭൂതത്തെപ്പോലെ തന്നെ പിന്തുടരുമെന്നയാളറിഞ്ഞു.

പക്ഷേ, തകർന്നടിഞ്ഞ ജീവിതങ്ങളെയും പുനരുദ്ധരിക്കാം. കുരിശ് സാക്ഷി, നഷ്ടസൗഭാഗ്യങ്ങളെല്ലാം വീണ്ടെടുക്കാനാവുമെന്ന് കുരിശ് ഉറപ്പു തരുന്നു.

ആധുനിക മനഃശാസ്ത്ര സങ്കേതങ്ങളുടെ പിതാവ് എന്ന് വിശേഷിപ്പിക്കപ്പെടുന്ന സിഗ്മണ്ട് ഫ്രോയ്ഡ് പറഞ്ഞു; ഒരു വസ്തുവിനെറ കാതൽ കണ്ടെത്താൻ അതിനെ ഛിന്നഭിന്നമാക്കണം; ഉടച്ചു തകർക്കണം. തകർച്ചയിൽ, പാപ്പരത്വത്തിൽ, നഷ്ടങ്ങളിൽ, നിരാശയിൽ മാത്രമേ സകലത്തിൻെറയും അന്തർലീനമായ അംഗവിധാനം, ഘടന, വിന്യാസം, ആരടപ്പം, ആകൃതി നമുക്ക് ഗോപ്യമാകൂ.

സ്നേഹത്തിൻെറയും വിശ്വാസത്തിൻെറയും ആഴവും മാറ്റും മാധുര്യവും മുകരുക അവഭഞ്ജിക്കപ്പെടുമ്പോഴാണ്.

ക്രിസ്തുവിൻെറ മരണത്തിൽ നാം അത് കണ്ടു. അവൻ മരിച്ചപ്പോൾ ദേവാലയത്തിലെ തിരശ്ശീല അടിമുടി കീറി. അഗ്രഹാരത്തിലെ, ശ്രീകോവിലിലെ തിരശ്ശീല ദൈവത്തെ ജനത്തിൽനിന്നു മറയ്ക്കുന്നു. ഈ മറ നീക്കിയാലേ പൂജാഗൃഹ പ്രവേശം സാധ്യമാകൂ. മാറാല കീറി ദേവാങ്കണത്തിലേക്കും ദേവസന്നിധിയിലേക്കും ദേവഹൃദയത്തിലേക്കും പ്രവേശിക്കുമ്പോൾ നാം അവിടെ കണ്ടെത്തുക ആഴമറ്റ സ്നേഹവും ക്ഷമാശീലവും മാത്രം – അന്യാധീനമായ അനുകമ്പയും വാത്സല്യവും. കുരിശിൽ കിടന്ന് യേശു മൊഴിഞ്ഞു: 'ഇതിലേറെ ചെയ്താലും ഞാൻ നിങ്ങളെ സ്നേഹിക്കും'.

നമ്മൾ പിശാചലോകത്തായിരുന്നപ്പോൾ പോലും ദൈവം നമ്മെ സ്നേഹിക്കാൻ മറന്നില്ല. മുഖം നോക്കാതെ ദൈവം നമ്മളെ സ്നേഹിക്കുന്നു. നമ്മുടെ മ്ലേച്ഛരത നമ്മുടെ മേൽവിലാസമാകുമെന്നിരിക്കിലും നമുക്കതിനെ അതിജീവിക്കാനാകും. ദൈവത്തിൻെറ സ്നേഹവും തുണയും നമുക്ക് കരുത്താകും.

നമ്മുടെ അകൃത്യങ്ങളെക്കുറിച്ച് വിലപിക്കുകയോ അവയെ ന്യായീകരിക്കുകയോ വേണ്ട. കുരിശ് നിസന്ദേശമായ സ്ഥൈര്യം നൽകുന്നുണ്ടല്ലോ. നമ്മിൽ ദൗർബല്യങ്ങളേറിയാലും ദൈവം തൻെറ സ്നേഹം പിൻവലിക്കില്ല.

കുരിശ് സ്നേഹത്തിൻെറ പ്രകാശനമാണ്. സ്നേഹത്തിൻെറ വിലയാണ്; തീരുവയാണ്. ദേവാലയ ഗോപുരാഗ്രങ്ങളും മനുഷ്യൻെറ കാതും കഴുത്തും കുരിശണിയുന്നതിൻെറ കാരണം തെരയണോ?

പ്രതികരണം

# ദുരന്തങ്ങളിൽ നിന്ന് പാഠം പഠിക്കാതെ...

ദൈവത്തിന്റെ സ്വന്തം നാട്ടിൽ ജലവാഹനങ്ങൾ അപകടത്തിൽപ്പെട്ട് വൻ ദുരന്തങ്ങൾ ആവർത്തിക്കുകയാണ്. വേണ്ടത്ര സുരക്ഷാ സംവിധാനങ്ങളൊരുക്കാൻ അധികൃതർ കാട്ടുന്ന അനാസ്ഥമൂലം നിരവധി നിരപരാധികളുടെ ജീവിതങ്ങളാണ് ഹോമിക്കപ്പെടുന്നത്. കുമരകം, തട്ടേക്കാട്, തേക്കടി, അമ്പൂരി, ഇപ്പോഴിതാ ചാലിയാർപുഴയും. ദുരന്തങ്ങൾ സംബന്ധിച്ച അന്വേഷണ റിപ്പോർട്ടുകൾ എല്ലാം ഫ്രീസറിലാണ്.

മൂർക്കനാട് സുല്ലമുസലാം ഹയർസെക്കണ്ടറി സ്കൂളിലെ എട്ട് കുരുന്നുകളാണ് അധികൃതരുടെ നിഷ്ക്രീയതയുടെ അവസാന ഇര. തേക്കടി ദുരന്തത്തിന്റെ ഉത്തരവാദിത്വം പരസ്പരം പഴിചാരി കൈകഴുകൽ പ്രക്രിയ നന്നായി ചെയ്യുന്നതിനിടെയായിരുന്നു തിരുവനന്തപുരത്ത് അമ്പൂരിയിൽ ചങ്ങാടം മറിഞ്ഞ് ചരക്കുപാറ പൂനാനിക്കൽ വീടിനെ ഇരുട്ടറയിലേക്ക് നയിച്ചത്. കൂടെയുണ്ടായിരുന്ന സഹോദരി സജുവിനെ തനിച്ചാക്കിയാണ് പത്തു വയസുകാരൻ സജോ തോമസാണ് നെയ്യാറിന്റെ കയങ്ങളിലേക്ക് ആണ്ടുപോയത്.

തേക്കടി ബോട്ട് ദുരന്തത്തിൽ എത്ര കുടുംബങ്ങളാണ് അനാഥമായത്? ചില കുടുംബങ്ങളിലെ മുഴുവൻ പേരെയും തേക്കടി തടാകമെടുത്തു. അവധിക്കാലം ആഘോഷിക്കാൻ ദൈവത്തിന്റെ നാട്ടിലെത്തിയതായിരുന്നു ദുരന്തത്തിൽപ്പെട്ടവർ. ആഘോഷം നിമിഷ നേരത്തിനുള്ളിൽ കണ്ണീർ കടലായി മാറുകയായിരുന്നു. ഉത്തരവാദികളാരെന്ന് കണ്ടെത്തി ശിക്ഷിക്കാനും വേണ്ടത്ര സുരക്ഷാ സംവിധാനങ്ങളൊരുക്കാനും ദുരന്തം ഒരുമാസം പിന്നിട്ടിട്ടും വേണ്ടപ്പെട്ടവർക്ക് കഴിഞ്ഞിട്ടില്ല. ഫലമോ തേക്കടിയിൽ 45 പേരുടെ ദാരുണ അന്ത്യത്തിനു ശേഷവും സംസ്ഥാനത്തെ ജലയാത്രാരംഗത്ത് കാര്യമായ നടപടികളൊന്നും ഉണ്ടായിട്ടില്ലെന്നതിന്റെ തെളിവാകുകയാണ് അമ്പൂരിയും ചാലിയാറും.

കുമരകം ദുരന്തം നടന്നിട്ട് വർഷങ്ങളേറെയായി. പി. എസ്. സി പരീക്ഷയ്ക്ക് പോയ ഉദ്യോഗാർത്ഥികളടക്കം 2002 ജൂലായ് 27ന് 29 പേരാണ് വേമ്പനാട്ടുകായലിൽ മൃതിയടഞ്ഞത്. അപ്പോഴും കോലാഹലങ്ങൾ നടന്നു. ആരാണ് ഉത്തരവാദിയെന്ന് ചോദിച്ച്. ജുഡീഷ്യൽ കമ്മീഷനെ വച്ചതോടെ എല്ലാവരും മറന്നു.

പിന്നീട് തട്ടേക്കാട്ട് ദുരന്തം ഉണ്ടാകുംവരെ വേണ്ടപ്പെട്ടവർ മറവിയുടെ പിടിയിലായിരുന്നു. സ്കൂൾ കുട്ടികളും അധ്യാപകരുമടക്കമുള്ളവർ ഉല്ലാസയാത്രയ്ക്കിടെ ബോട്ട് മറിഞ്ഞ് മുങ്ങിമരിച്ചു. അപ്പോഴും എല്ലാവരും ചോദിച്ചു എന്താണ് ദുരന്ത കാരണം? ആരാണ് ഉത്തരവാദി? കുമരകം കൊണ്ട് ഒന്നും പഠിച്ചില്ലേ? എന്നൊക്കെ. അന്നും ഈ ചോദ്യങ്ങളൊക്കെ മാധ്യമങ്ങൾ ശക്തമായി ഉയർത്തിയിരുന്നു. ഫലം ജുഡീഷ്യൽ അന്വേഷണം.

അത് കമ്മീഷൻ ഭംഗിയായി നിർവ്വഹിച്ചു. പിന്നെ എല്ലാവരും അതും മറന്നു. പിന്നീട് കുമരകവും തട്ടേക്കാടും കേരളം ഓർത്തത് തേക്കടി ദുരന്തം ഉണ്ടായപ്പോഴാണ്. 45 പേരുടെ ദാരുണ അന്ത്യത്തിനൊടുവിലെങ്കിലും അധികൃതർ എന്തെങ്കിലും ചെയ്യുമെന്ന് എല്ലാവരും പ്രതീക്ഷിച്ചു. ഉണ്ടായില്ല.




ഡിസംബറിൽ ജൻമദിനം ആഘോഷിക്കുന്ന 15 വയസിൽ താഴെയുള്ള കുട്ടികളുടെ ഫോട്ടോകൾ ക്ഷണിക്കുന്നു. E-mail: editor@indianmalayali.com



**Amarnath**
Father: Sreejish
Mather: Sangeetha Sreejish
Address: Box Hill, Melbourne.



**ALFRED MENDEZ** (11-11-1999)
Father: JUDE MENDEZ
Mother: GIRLY, Sister: ABIGAIL
Address: 1/123 NELSON ROAD, BOX HILL NORTH, VIC -3128.

കവിത

മാമൻ കോശി



# സിന്ദൂര സന്ധ്യ

സന്ധ്യവാരി വിതറിയ
സിന്ദൂരത്തിൻ സംഗമത്തിൽ
ഉദിച്ചുയരുന്നു പൂർണ ചന്ദ്രൻ
പരത്തുന്നു നിലാവിൻ പാരിജാതങ്ങൾ
പരത്തുന്നു പാലൊളി പാരാകെ.
ആമ്പൽക്കുളങ്ങളിൽ
അല്ലി ആമ്പലുകൾ
കണ്ണിമയ്ക്കുന്നു ചന്ദ്രനേ നോക്കി,
നാണമോടെ നോക്കീടുന്നു
നിഴലവരെ,
നിശയുടെ നിശാമുകുളങ്ങളും
നോക്കീടുന്നു നാണമോടവരെ.
കേട്ടീടാം എവിടെയോ
കളകള ശബ്ദം,
കിളികൾതൻ ചേക്കേറിൻ ശബ്ദം,
അതിൽ നിന്നുമുയരുന്നു
രോദനം, ആർത്തനാദത്തിൻ രോദനം,
ഉയരുന്നു തേങ്ങലിൻ ശബ്ദം,
തള്ളീടണമോ, കൊള്ളീടണമോ?
ഉയരുന്നു വീണ്ടുമാ രോദനം



കൂടുവിട്ട് കൂടുമാറിയ കൂട്ടത്തിപ്രാവിൻ
രോദനം,
പകരുന്നു മനസിൽ
നിസഹായതയുടെ നിമിഷങ്ങൾ,
അലയടിക്കുന്നു വീണ്ടും വീണ്ടുമാരോദനം.




